പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 270 **29-10-2026-ൽ മറുപടിയ്ക്ക്**

പി.എം.ശ്രീ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ടി. എം. ശശി

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പി.എം.ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിലെ വ്യവസ്ഥകളിൽ ഏതെങ്കിലും ഭേദഗതി ഉണ്ടായാൽ അത് കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ പരസ്പര സമ്മതത്തോടെ മാത്രമേ നടപ്പിലാക്കാവൂ എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

മറുപടി: പി.എം. ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഒപ്പുവച്ച ധാരണാപത്രം (MoU) പ്രകാരം കേന്ദ്രസംസ്ഥാന സർക്കാരുകൾ തമ്മിലുണ്ടാക്കിയ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

i പൊതുതാല്പര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പിന് (DoSEL) ആയിരിക്കും.

ii കരാറിലെ വ്യവസ്ഥകളിൽ ഏതിലെങ്കിലും ഭേദഗതി, മാറ്റം അല്ലെങ്കിൽ പരിഷ്കരണം ഉണ്ടായാൽ അത് ഇരു പാർട്ടികളുടെയും പരസ്പരസമ്മതത്തോടെ മാത്രമേ നടപ്പിലാക്കാവൂ.

iii കരാറിന്റെ വ്യാഖ്യാനം, വ്യവസ്ഥകൾ, നിബന്ധനകൾ, നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തർക്കമോ അഭിപ്രായവ്യത്യാസമോ ഉണ്ടായാൽ അതിനെ സൗഹൃദപരമായി പരിഹരിക്കാൻ ഇരുപാർട്ടികളും സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തണം. ആവശ്യമായ പക്ഷം ഡൽഹിയിലെ അധികാര പരിധിക്കുള്ളിൽ അനുയോജ്യമായ ഫോറത്തിൽ അനുയോജ്യമായ പരിഹാരം തേടാൻ പാർട്ടികൾക്ക് സ്വാതന്ത്ര്യമുണ്ടാകും.

ധാരണാപത്രത്തിലെ മേൽ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് ഏകപക്ഷീയമായി പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പൊതുതാൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Department of School Education and Literacy (DoSEL) ന് മാത്രമായിരിക്കും. കരാറിലെ വ്യവസ്ഥകളിൽ എതെങ്കിലും ഭേദഗതി, മാറ്റം അല്ലെങ്കിൽ പരിഷ്കരണം ഉണ്ടായാൽ അത് ഇരു പാർട്ടികളുടെയും പരസ്പര സമ്മതത്തോടെ മാത്രമേ നടപ്പിലാക്കാവൂ.

(ബി) ദേശീയ പാഠ്യപദ്ധതി പി.എം.ശ്രീയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കേണ്ടിവരുമോ എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയില്ല എന്നുള്ളത് തന്നെയാണ് ഈ സർക്കാരിന്റെ നിലപാട്.

പി. എം.ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18/06/2026 ലെ ജി ഒ (എം എസ്) നം 107/2026/പൊവിവ പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

സംസ്ഥാനത്തിന്റെ പാഠ്യപദ്ധതി രൂപീകരണാധികാരവും സ്കൂളുകൾ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരവും സംരക്ഷിച്ചുകൊണ്ട് പി എം ശ്രീ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. മന്ത്രിസഭ ഉപസമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയിലെ ധാരണാപത്രത്തിൽ നിന്ന് പിന്മാറാൻ ഉദ്ദേശിക്കുന്നതായി കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് ഏകപക്ഷീയമായി പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പി. എം. ശ്രീയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് വരികയാണ്. സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാത്തതിന്റെ പേരിൽ കേന്ദ്രസർക്കാർ സമഗ്രശിക്ഷാ കേരളം ഉൾപ്പെടെയുള്ള പദ്ധതികളുടെ ഫണ്ട് തടഞ്ഞുവയ്ക്കുന്നതിനെ പ്രതിരോധിക്കാൻ നിയമപരമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: പി.എം. ശ്രീ പദ്ധതി സംസ്ഥാനത്തു നടപ്പാക്കാത്തതിന്റെ പേരിൽ കേന്ദ്ര സർക്കാർ സമഗ്ര ശിക്ഷ കേരളം ഉൾപ്പെടയുള്ള ഫണ്ടുകൾ തടഞ്ഞുവച്ചിട്ടുണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയുമായി പൊതുവിദ്യാഭ്യാസ ന്യൂനക്ഷേമ വകുപ്പ് മന്ത്രി നടത്തിയ ചർച്ചയിൽ സംസ്ഥാനത്തിന് ലഭ്യമാകാനുള്ള ഫണ്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് ശേഷവും ഫണ്ട് ലഭിക്കാത്ത സാഹചര്യം വരികയയാണെങ്കിൽ നിയമനടപടി സ്വീകരിക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ